LIBRARY ARCHIVES Kerala Legislative Assembly

നിന്നുവന്ന ജീവിയാണ്. ഇതിന്റെ പേര് ഒച്ച് എന്നാണെങ്കിലും അത് പെരുകുന്നത് ഒച്ചിന്റെ വേഗതയിലല്ല. അതിവേഗത്തിലാണ് ഇത് പെരുകിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഉറവിടം കെനിയ, ടാൻസാനിയ എന്നിവിടങ്ങളാണെന്നാണ് പറയപ്പെടുന്നത്. പല സ്ഥലങ്ങളിലേയും ജനങ്ങൾക്ക് അത് ഒരു ശല്യമായി മാറിക്കൊണ്ടിരിക്കുകയാണ്. കെ.എഫ്.ആർ.ഐ.യുടെ ഒരു സയന്റിസ്റ്റ്, ഡോ.സജീവ് അവിടെ പോയിരുന്നു. അദ്ദേഹം ഒച്ചുകളുടെ സാമ്പിളുകൾ എടുത്ത് കൊണ്ടുപോയി ഗവേഷണം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ പ്രതിവിധി ഉപ്പ് തന്നെയാണ്. ഈ ജൂലൈമാസം 20-ാം തീയതി അവിടെ കളക്ടറുടെ ഒരു യോഗം വിളിച്ചിരുന്നു. അതിൽ ആരോഗ്യം, വനം, കൃഷി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തിരുന്നു. ആ യോഗം തീരുമാനിച്ചത് എൻ.ആർ.ഇ.ജി. ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് പരമാവധി സ്ഥലങ്ങളിൽ ഉപ്പ് വിതറാൻ തന്നെയാണ്. ഒച്ച് ശല്യത്തിന് ഉപ്പ് വളരെ ഫലപ്രദമാകും. 2006-ലും അത് കണ്ടതാണ്. ഉപ്പിട്ട സ്ഥലങ്ങളിൽ അതിന്റെ വളർച്ച പിന്നെ വ്യാപിച്ചില്ല. മഴയത്ത് ഉപ്പ് താഴോട്ട് ഇറങ്ങുമ്പോൾ അതിന്റെ പ്രജനനവും തടയപ്പെടുന്നുണ്ട്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് വീണ്ടും ഉപ്പിന്റെ മാർഗ്ഗം നോക്കണമെന്നാണ് എന്റെ അഭ്യർത്ഥന. തന്നെയുമല്ല ആ യോഗ തീരുമാനം ഒച്ചിനെ തടയുന്നതിന് കെമിക്കൽസ് ഉപയോഗിച്ചുകൂടെ എന്നാണ്. കീടനാശിനി പ്രയോഗം മണ്ണിനെ ദോഷമായി ബാധിക്കുമെന്നതിനാൽ ഉപ്പിനെ തന്നെ ആശ്രയിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

(7) കർഷകക്ഷേമ വകുപ്പ് രൂപീകരണം

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : സർ, കേന്ദ്ര സർക്കാരിന്റെ കർഷക ദ്രോഹ നടപടിയിൽ പ്രതിഷേധിച്ചും സംസ്ഥാന സർക്കാർ കാർഷിക മേഖലയിൽ ചില കാര്യങ്ങൾ അടിയന്തരമായി ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടും അഖിലേന്ത്യാ കിസാൻ സഭ ഇന്ന് കേന്ദ്ര ഗവൺമെന്റ് ഓഫീസുകളിലേക്ക് മാർച്ചും ധർണ്ണയും നടത്തുകയാണ്. കാർഷിക മേഖലയിൽ മൂലധനനിക്ഷേപം കുറഞ്ഞുവരികയാണ്. സബ്സിഡികൾ എടുത്തുകളയുകയാണ്. ഈ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ അടിയന്തരമായി ഒരു ലക്ഷം രൂപയുടെ പ്രത്യേക പദ്ധതിക്ക് രൂപം നൽകുക, പലിശ കുറയ്ക്കുക, ജലസേചന പദ്ധതികൾ പൂർത്തീകരിക്കുക, കർഷകർക്ക് പരിശീലനം നൽകുക തുടങ്ങിയ ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാർ നിരവധി മാതൃകാപരമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ സ്വാമിനാഥൻ കമ്മീഷൻ ശുപാർശയിൽ പ്രധാനമായി പറഞ്ഞിട്ടുള്ള ഒരു കാര്യം, കർഷകക്ഷേമ വകുപ്പും കർഷകർക്ക് ക്ഷേമനിധിയും രൂപീകരിക്കുക എന്നതാണ്. എല്ലാവിഭാഗം ആളുകൾക്കും ക്ഷേമനിധിയുണ്ട്. കർഷകർക്കും അവരുടെ കുടുംബങ്ങൾക്കും പ്രയോജനം ചെയ്യുന്ന കർഷകക്ഷേമനിധി രൂപീകരിക്കണം. അതുപോലെ 300 രൂപ പെൻഷൻ എന്നുള്ളത് 1,000 രൂപയായി വർദ്ധിപ്പിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): സർ, ഡോ. സ്വാമിനാഥന്റെ നേതൃത്വത്തിലുള്ള കമ്മീഷൻ കേന്ദ്രത്തിന് സമർപ്പിച്ച റിപ്പോർട്ട് കേന്ദ്രം തത്വത്തിൽ അംഗീകരിക്കുകയും വിവിധ സംസ്ഥാന കൃഷി വകുപ്പുമന്ത്രിമാരുടെ സമ്മേളനത്തിൽ അത് നടപ്പാക്കുന്നതിനുള്ള ആലോചന നടത്തുകയും ചെയ്തെങ്കിലും അതിന്റെ ഇംപ്ലിമെന്റേഷൻ ആയിട്ടില്ല. ആ നിർദ്ദേശത്തിലുള്ള ഒരു പ്രധാനപ്പെട്ട കാര്യം കൃഷിക്കുള്ള ക്ഷേമം പോലെതന്നെ കർഷകർക്കും ക്ഷേമം വേണമെന്നുള്ളതാണ്. ആ നിർദ്ദേശം നടപ്പാക്കാനാണ് കർഷക ക്ഷേമവകുപ്പ് രൂപീകരിക്കണമെന്ന് സ്വാമിനാഥൻ കമ്മീഷൻ നിർദ്ദേശിച്ചത്. ആ നിർദ്ദേശം തത്വത്തിൽ അംഗീകരിച്ചതല്ലാതെ കേന്ദ്ര ഗവൺമെന്റ് അത് നടപ്പാക്കാൻ തുടങ്ങിയിട്ടില്ല. അത് നടപ്പാക്കി തുടങ്ങുമ്പോൾ തീർച്ചയായും കർഷകരുടെ പെൻഷൻ, കർഷകരുടെ ഇൻഷ്വറൻസ്, കർഷകരുടെ പരിരക്ഷ, കർഷകരുടെ പേരിൽ തന്നെ ഭൂമി, അതിന്റെ കൈമാറ്റം ഇതെല്ലാം തന്നെ ആ ശുപാർശയിലുള്ളതാണ്. ആ ശുപാർശയിൽ 4 ശതമാനം പലിശയ്ക്ക് വായ്പ നൽകുക, കുടുംബനാഥയുടെ പേരിൽ ഭൂമി തുടങ്ങിയ പ്രധാനപ്പെട്ട കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതിൽ പറഞ്ഞിട്ടുള്ളതുകൂടി അംഗീകരിച്ചുകൊണ്ട് കേന്ദ്രം നടപ്പാക്കിയില്ലെങ്കിലും കർഷകക്ഷേമപരിപാടികൾ നടപ്പാക്കിത്തുടങ്ങിയ സംസ്ഥാനമാണ് കേരളം. നെൽകർഷകർക്കും നാളികേര കർഷകർക്കുമെല്ലാം പെൻഷനും ഇൻഷ്വറൻസ് പരിരക്ഷയും മറ്റു പദ്ധതികളും പലിശരഹിത വായ്പയും നെല്ലിന് നല്ല വില ഇതെല്ലാം നൽകുന്നുണ്ട്. ഇപ്പോൾ ഉദ്ദേശിക്കുന്നത്, ഡയറക്ടറേറ്റിൽത്തന്നെ കർഷകക്ഷേമത്തിനുവേണ്ടി ഒരു അഡീഷണൽ ഡയറക്ടറുടെ കീഴിൽ ഒരു സെൽ തുടങ്ങാനാണ്. ആ സെല്ലിന്റെ മുഖ്യ പരിശോധന കർഷക ക്ഷേമവുമായി ബന്ധപ്പെട്ടായിരിക്കും. മറ്റ് കാര്യങ്ങളെല്ലാം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനും സാധ്യമായ തരത്തിൽ സംസ്ഥാന ഗവൺമെന്റ് കാര്യങ്ങൾ നടപ്പാക്കാനും ശ്രദ്ധിക്കുന്നതാണ്.

(8) പ്രകൃതിക്ഷോഭത്തിൽ വീട് തകർന്നവർക്കുള്ള ധനസഹായം

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, പ്രകൃതിക്ഷോഭം കാരണം വീടിന് നാശനഷ്ടമുണ്ടായാൽ ലഭിക്കുന്ന ധനസഹായം വളരെ പരിമിതമാണ്. ധാരാളം പാവപ്പെട്ടയാളുകൾക്ക് ഈ ദുരന്തം ഏറ്റുവാങ്ങേണ്ടി വരുന്നുണ്ട്. മേയ്, ജൂൺ മാസങ്ങളിൽ മാത്രമായി ഇതിൽ വർദ്ധനവ് വരുത്തിക്കൊണ്ട് റവന്യൂ വകുപ്പ് ഒരു ഉത്തരവിറക്കി. അതിനകത്തുള്ള അപാകതയെന്നു പറയുന്നത് അത് താൽക്കാലികമായിട്ടുള്ള ഒരു ക്രമീകരണം മാത്രമായാണ് വന്നിരിക്കുന്നത്. പ്രകൃതിക്ഷോഭംമൂലം പൂർണ്ണമായി വീട് നശിക്കുന്നവർക്കുള്ള നഷ്ടപരിഹാരം 1 ലക്ഷം രൂപയായി നൽകണമെന്നുള്ള ആവശ്യം പാവപ്പെട്ടവരെ ബാധിക്കുന്ന ഒരു കാര്യമെന്നുള്ള നിലയിൽ അനുകൂലമായ ഒരു തീരുമാനം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly